# കസ്തൂരിരംഗനല്ല ഗാഡ്ഗില്ലാണ് കാലഘട്ടത്തിന്റെ ആവശ്യം

ബിഷപ്പ് തോമസ് കെ ഉമ്മൻ

**സി എസ്സ് ഐ മദ്ധ്യകേരള മഹായിടവക ബിഷപ്പ്**

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ കർഷകന് ദോഷമായി യാതൊന്നുമില്ലായെന്ന് വ്യകതമായിട്ടും ഇപ്പോൾ നടന്നുവരുന്ന സമരത്തിൽ രാഷ്ട്രീയമാണുള്ളതെന്ന് വ്യക്തമാണ്. ഇന്ന് നടക്കുന്ന സമര കോലാഹലങ്ങൾ കാണുമ്പോൾ തോന്നുന്നത് പശ്ചിമഘട്ട മലനിരകൾ അവിടെ താമസിക്കുന്നവർക്ക് മാത്രം അവകാശപ്പെട്ടതാണെന്നാണ്. ദക്ഷിണേന്ത്യയിലെ ഇരുപത്തിയഞ്ചു കോടി ജനതയുടെ ജല ആശ്രയവും കർഷക ജനതയുടെയും വനത്തെ ആശ്രയിച്ചു ജീവിക്കുന്ന അദിമ ജനവിഭാഗത്തിന്റെയും ആവാസ കേന്ദ്രവുമാണ് പശ്ചിമഘട്ടം. ഈ മലനിരകളില്ലായിരുന്നെങ്കിൽ ദക്ഷിണേന്ത്യയിലെ മനുഷ്യവാസവും സംസ്കാരവും തന്നെ ഒരു പക്ഷേ അസാധ്യമാകുമായിരുന്നു. പശ്ചിമ ഘട്ട സംരക്ഷണത്തിനും അതു വഴി ദീർഘകാല നില നിൽപ്പിനുമുള്ള പൊതു സമീപനങ്ങളാണ് ഗാഡ്ഗിൽ റിപ്പോർട്ടിലുള്ളത്. ഭൂമിയുടെ ഉപയോഗക്രമത്തിലും ജൈവ -അജൈവ വിഭവങ്ങളുടെ ഉപയോഗത്തിലും ഒരു നിയന്ത്രണവും ഇല്ലാതെ ലോകത്ത് ഒരു സമൂഹത്തിലും സുസ്ഥിര വികസനം സാധ്യമാക്കാനാവില്ല. ഉത്താരാഘണ്ഡിൽ കഴിഞ്ഞ ജൂൺ 16ന് ഉണ്ടായ ദുരന്തം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. വികസനത്തിന്റെ പേരിൽ കഴിഞ്ഞ ഒരു ദശകത്തിന് മേൽ ഉത്തരാഘണ്ഡിൽ നടന്ന ഇടപെടലുകളാണ് പ്രശ്നത്തെ ഇത്രയും വഷളാക്കിയത്. തികച്ചും മനുഷ്യ നിർമ്മിതമായ ഒരു ദുരന്തമായിരുന്നു കേദാർനാഥ് ക്ഷേത്രത്തിലെ തീർത്ഥാടകർ നേരിട്ടത്. അനേകയിരം ആളുകൾ കൊല്ലപ്പെട്ടു. അനേകായിരം ആളുകളെ കാണാതായി. നൂറുകണക്കിന് ഗ്രാമങ്ങൾ അധിവാസ യോഗ്യമല്ലാത്ത വിധം നശിപ്പിക്കപ്പെട്ടു. പരിസ്ഥിതിയെ മറന്നുകൊണ്ടുള്ള വികസനധാരണകളും ലാഭക്കൊതിയും എത്രമാത്രം വിനാശം സൃഷ്ടിക്കുമെന്നുള്ള സൂചനയാണ് ഉത്തരാഖണ്ഡിലെ പ്രളയദുരന്തം. നിയമവിധേയവും അല്ലാത്തതുമായി ഖനനം, അശാസ്ത്രിയമായ റോഡ് നിർമ്മാണം, അനവധി ജലവൈദ്യുത പദ്ധതികൾ, വൻ തോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ ദുരന്തത്തിന് കാരണമായി. ഉത്തരാഖണ്ഡിലെ ചെരിവ് പോലെയാണ് പശ്ചിമഘട്ടത്തിലെയും ഭൂമിയുടെ ചെരിവ്. അതു കൊണ്ട് ഉത്താരാഖണ്ഡിൽ നടന്നതു പോലെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പശ്ചിമഘട്ടത്തിൽ നടന്നാൽ മലയിടിച്ചിലും ഉരുൾ പൊട്ടലും ഉണ്ടാകാം. നിർമ്മാണ പ്രവർത്തനങ്ങളില്ലാത്ത വനമേഖലയിൽ ഒരിടത്തും ഉരുൾ പൊട്ടൽ ഉണ്ടാകുന്നില്ല. സൈലന്റ് വാലിയിൽ ഇന്നേവരെ ഉരുൾ പൊട്ടുകയോ മലയിടിയുകയോ ചെയ്തിട്ടില്ലല്ലൊ.

പശ്ചിമഘട്ട മലനിരകളിൽ ഖനനവും, കാടു വെട്ടിത്തെളിക്കലും, തടിവെട്ടും, പരിസ്ഥിതിക്കനുകൂലമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങളും വനം കയ്യേറ്റവും വ്യാപകമായപ്പോളാണ് കേന്ദ്ര സർക്കാർ ലോക പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. മാധവഗാഡ്ഗിൽ ചെയർമാനായ ഒരു കമ്മിറ്റിയെ നിയമിച്ചത്. ഗുജറാത്ത് മുതൽ കന്യാകുമാരി വരെ 1500 കിലോ മീറ്റർ നീളമുള്ള പശ്ചിമ ഘട്ട മലനിരകൾ . ഈ മലനിരകൾ ഗുജറാത്ത്. ഗോവ, മഹാരാഷ്ട്ര, കർണ്ണാടക, കേരളം, തമിഴ് നാട്, എന്നീ ആറു സംസ്ഥാനങ്ങളിലൂടെയാണ് കടന്നു പോകുന്നത്. പർവ്വത നിരകളിൽ പാലക്കാട്ട് അമ്പത് കിലോമീറ്റർ നീളത്തിലും ആര്യങ്കാവ് ചുരത്തിലും ഒരുവിടവുള്ളതു കൊണ്ടാണ് അവടങ്ങളിൽ ഏറ്റവും കൂടുതൽ ചൂട് അവിടെ അനുഭവപ്പെടുന്നത്. കേരളത്തിന്റെ ബാക്കി പ്രദേശങ്ങളിലെല്ലാം മിതമായ ചൂട് അനുഭവപ്പെടുന്നത് പശ്ചിമഘട്ട മലനിരകൾ കിഴക്കോട്ട് ചരിഞ്ഞ കുടപോലെ നിലകൊള്ളുന്നതു കൊണ്ടാണ്. കേരളത്തിന് ഏറ്റവും കൂടുതൽ പശ്ചിമഘട്ട മലനിരകൾ ഉള്ളതിനെ അനുഗ്രഹമായിട്ടാണ് നാം കാണേണ്ടത്. ഗാഡ്ഗിൽ കമ്മിറ്റി പ്രദേശത്തിന്റെ ചെരിവ്, ജനസാന്ദ്രത, വന വിസ്തൃതി, ജലലഭ്യത തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മൂന്നു മേഖലകളായി തിരിച്ചു. ഓരോ പ്രദേശത്തും ചെയ്യുവാൻ പറ്റുന്ന കാര്യങ്ങളും പറ്റാത്തവയും തരം തിരിച്ച് ഗ്രാമസഭകളുടെ തീരുമാനത്തിന് വിടുകയാണ് ചെയ്തത്. ഗാഡ്ഗിൽ കമ്മിറ്റി പറയുന്നതെല്ലാം ശുപാർശകളാണ്. ഒന്നാമത്തെ മേഖലയിൽ ഒരു തരം ഖനനവും പാടില്ലെന്ന് ഗാഡ്ഗിൽ ശുപാർശ ചെയ്തു. ഡാം, താപനിലയം, വൻ നിർമ്മാണങ്ങൾ ഒന്നും ഈ മേഖലയിൽ പറ്റില്ല. ഈ നിർദ്ദേശങ്ങൾക്കെതിരെ ആറു സംസ്ഥാനങ്ങൾ കേന്ദ്രസർക്കാരിനെ വിയോജിപ്പ് അറി

യിച്ചു. തുടർന്നാണ് കസ്തൂരിരംഗൻ കമ്മിറ്റിയെ പുനരാലോചനയ്ക്ക് നിയോഗിച്ചത്. കസ്തൂരിരംഗൻ പശ്ചിമഘട്ടത്തെ മൂന്നിന് പകരം രണ്ടായി തിരിച്ചു. പ്രകൃത്യാ ഉള്ള പശ്ചിമഘട്ട ഭൂപ്രദേശങ്ങളും (37%).ഈ പ്രദേശം നേരത്തെതന്നെ സംരക്ഷിക്കപ്പെട്ടിട്ടുള്ള വനപ്രദേശങ്ങളാണ്. രണ്ടാമത്തെ ഭാഗം, കൃഷിയും തോട്ടവും മനുഷ്യവാസവും ഉള്ള പ്രദേശങ്ങളും (63%). നിയന്ത്രണങ്ങൾ 37ശതമാനം ഭാഗത്തായി ഒതുക്കി. മറ്റ് സ്ഥലങ്ങളിൽ എന്ത് വികസനപ്രവർത്തനങ്ങളും നടത്താമെന്ന് ചുരുക്കം.

പരിസ്ഥിതി സംരക്ഷണത്തിന് ജനകീയ പങ്കാളിത്തം വേണമെന്നുള്ള കാര്യത്തിൽ സംശയമില്ല.ഗാഡ്ഗിൽ റിപ്പോർട്ടിൽ ഇതിന് ശക്തീകരണം നൽകുന്നു. ജലവും ജല സ്രോതസ്സുകളും സംരക്ഷിക്കുവാനും കാലാവസ്ഥ വ്യതിയാനം മൂലമുള്ള ആഘാതങ്ങൾ ലഘൂകരിക്കുവാനും പ്രത്യക്ഷമായോ പരോക്ഷമായോ സഹായക്കുന്ന ശുപാർശകളും നിർദ്ദേശങ്ങളുമടങ്ങുന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ട്. റിപ്പോർട്ടിൽ ജൈവ കൃഷിയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്കനുകൂലമായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ജനിതക മാറ്റം വരുത്തിയ വിത്തുകൾ ഇവിടെ ഉപയോഗിക്കരുതെന്ന് നിർദ്ദേശിക്കുന്നു. കർഷകർക്ക് പരിസ്ഥിതിക്കനുകൂലമായ കൃഷി രീതിയിലേക്ക് മാറുവാൻ സാമ്പത്തിക സഹായ പാക്കേജുകൾ നൽകണമെന്ന് നിർദ്ദേശിക്കുന്നു. സിഎസ്സ്ഐ സഭ പല സമയങ്ങളിലായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന കാര്യങ്ങളാണ് ഇവ. 2013 ജനുവരി 28ന് മദ്ധ്യ കേരള മഹായിടവക കേരളത്തിലെ എല്ലാ സഭകളിലെയും പ്രതിനധികളെ വിളിച്ചു കൂട്ടി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ഒരു കൺസൽട്ടേഷൻ ക്രമീകരിച്ചിരുന്നു. ഗാഡ്ഗിൽ കമ്മിറ്റിക്കനുകൂലമായും എതിരായുമുള്ള വാദങ്ങൾ കേൾക്കുകയും ചർച്ച നടത്തുകയും ചെയ്തു. മർത്തോമ്മ, ഓർത്തോഡോക്സ്, യാക്കോബായ, കത്തോലിക്ക, സിഎസ്സ് ഐ(മൂന്നു ഡയോസിസ്സുകൾ) സഭകളുടെ പ്രതിനിധികൾ കൺസൽട്ടേഷനിൽ പങ്കെടുത്തു. കത്തോലിക്ക ഇടുക്കി രൂപതയിൽ നിന്നുള്ളവർ റിപ്പോർട്ടിനെ എതിർത്തു. ബാക്കിയുള്ള സഭകളുടെ പ്രതിനിധികൾ റിപ്പോർട്ട് നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പറയുകയുണ്ടായി.**മദ്ധ്യകേരള മഹായിടവകയുടെ പരിസ്ഥിതി നയത്തിന് അനുകൂലമായ ഒരു റിപ്പോർട്ടായതിനാൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ 2013 ഫെബ്രുവരി 5ന് കൂടിയ മഹായിടവക എക്സിക്യൂട്ടിവ് പൂർണ്ണമായി പിന്തുണച്ചു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ വെള്ളം ചേർത്തവതരിപ്പിച്ച കസ്തൂരി രംഗൻ റിപ്പോർട്ടിന് പോരായ്മകളുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ അനിവാര്യമായതിനാൽ സഭ കസ്തൂരി രംഗൻ റിപ്പോർട്ടിനെയും പിന്താങ്ങുകയാണ്. 2013 നവംബർ 15,16 തീയതികളിൽ നടന്ന മഹായിടവക കൗൺസിലിൽ ഈക്കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്.**

1992ൽ ദക്ഷിണേന്ത്യ സഭ (CSI) മോഡറേറ്ററായിരുന്ന റൈഡർ ദേവപ്രീയൻ തിരുമേനിയാണ് സി.എസ്സ്.ഐ.സഭയിൽ പരിസ്ഥിതി വിഭാഗം ആരംഭിച്ചത്. അഖില ലോക സഭാ കൗൺസിലിന്റെ ഒരു സമ്മേളനം കഴിഞ്ഞ് തിരികെ വന്ന തിരുമേനി സി.എസ്സ്.ഐയിൽ പരിസ്ഥിതി കമ്മിറ്റി സംഘടിപ്പിക്കുയുണ്ടായി. പാരിസ്ഥിതിക പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിലൊന്നായി മോഡറേറ്റർ തെരഞ്ഞെടുത്തതിന്റെ പ്രസക്തിയെക്കുറിച്ച് അന്ന് പലർക്കും മനസ്സിലായില്ല. ഇന്ന് നാം അതിന്റെ പ്രസ്ക്തി മനസ്സിലാക്കുന്നു. വളരെ ദൂരെ കണ്ട് കാര്യങ്ങൾ തീരുമാനിക്കുകയും പ്രവചിക്കുകയും ചെയ്യുന്നവരാണ് ദീർഘദർശികൾ. അപ്രകാരമുള്ള ഒരു ദീർഘദർശിയായിരുന്നു റൈഡർ ദേവപ്രീയൻ തിരുമേനി. ദീർഘദർശനത്തോടെ 1992 ൽ ദക്ഷിണേന്ത്യ സഭയെടുത്ത തീരുമാനം മറ്റ് സഭകൾക്കും വഴികാട്ടിയായി മാറി. ഇന്ന് മിക്ക സഭകളും പാരിസ്ഥിതിക പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിത പ്രവർത്തനമായി അംഗീകരിച്ചിരിക്കുന്നു.

പ്രകൃതിയില്ലായെങ്കിൽ മനുഷ്യനില്ല. ജീവൻ അസാദ്ധ്യമായിത്തീരും.ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിൽ സകലജീവജാലകങ്ങളും ഉൾപ്പെടുന്നു. ഉല്പത്തി 6: 19 -20 വാക്യങ്ങളിൽ നോഹ പെട്ടകത്തിൽ പ്രവേശിപ്പിച്ചത് മനുഷ്യനെ മാത്രമായിരുന്നില്ല. എല്ലാ ജീവജാലങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടിരണ്ടിനെ പ്രവേശിപ്പിച്ചുവെന്നാണ് നാം വായിക്കുന്നത്. നോഹയെ ആദ്യത്തെ പരിസ്ഥിതി പ്രവർത്തകനെന്നോ, ജൈവവൈവിധ്യസംരക്ഷകനെന്നോ പറയാം. അപ്പോസ്തലപ്രവർത്തികൾ 10: 9-16 വരെയുള്ള ഭാഗങ്ങളിൽ പത്രോസ് കാണുന്ന സ്വപ്നം വിവരിക്കുന്നു. ദൈവം സൃഷ്ടിച്ചതെല്ലാം വിശുദ്ധമാണെന്നു വ്യക്തമാക്കുന്നു. ദൈവത്തിന്റെ ഡിക്ക്ഷണറിയിൽ അശുദ്ധമെന്ന് കരുതേണ്ടതായ യാതോരു ജീവജാലങ്ങളുമില്ല. ഉല്പത്തി പുസ്തകത്തിൽ ആദ്യ അദ്ധ്യായത്തിൽ ദൈവം സൃഷ്ടിയെല്ലാം കഴിഞ്ഞു, താൻ സൃഷ്ടിച്ചതെല്ലാം നല്ലതെന്ന് കണ്ടുവെന്നാണ് നാം വായിക്കുന്നത്. ഉൽപ്പത്തി 9 -ാം അദ്ധ്യായം ജൈവവൈവിദ്ധ്യത്തിന് പ്രാധാന്യം നൽകുന്നു. എല്ലാ മൃഗങ്ങൾ എന്നും എല്ലാ ജീവജാലങ്ങൾ എന്നും അനവധി തവണ ഈ അദ്ധ്യായത്തിൽ പറയുന്നു. ഉല്പത്തി 9: 8-10വരെയുള്ള വാക്യങ്ങളിൽ ദൈവം മനുഷ്യനോട് മാത്രമല്ല ഉടമ്പടി ചെയ്യുന്നത്. പിന്നെയോ സകല ജീവജാലകങ്ങളോടുമാണ്. മനുഷ്യനും സകലജീവജാലകങ്ങളും ശ്വസിക്കുന്നത് ഒരേ വായു തന്നെയായതിനാൽ, നാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ആവർത്തന പുസ്തകം 20: 19, 22: 6 ൽ ചെടികളും വൃക്ഷങ്ങളും പക്ഷികളും നമ്മുടെ കരുതൽ ആഗ്രഹിക്കുന്നുവെന്നതിനാൽ അവയ്ക്ക് നാശമുണ്ടാകുന്ന പ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിയണമെന്നാഹ്വാനമാണ് നൽകുന്നത്. റോമർ 8: 19,20 വാക്യങ്ങ

ളിൽ സൃഷ്ടി രക്ഷയ്ക്കായി കാത്തിരിക്കുന്നതായി നാം വായിക്കുന്നു. ഭൂമിയെത്തന്നെ ജീവനുള്ള വസ്തുവായി കരുതണമെന്നുള്ളതാണ് ആധുനിക ചിന്ത.(Earth as a single living creature). ഭൂമിയിലുള്ള ഏതെങ്കിലും വസ്തുവിന് ക്ഷതം സംഭവിച്ചാൽ പാരിസ്ഥിതിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയും പ്രകൃതിയുടെ താളം തന്നെ തകരാറിലാക്കുകയും ചെയ്യും. ജീവൻ അപകടത്തിലാകും. അതുകൊണ്ട് രക്ഷയ്ക്ക് ഒരാഗോള മാനമുണ്ട്. Total redemption of the Universe എന്ന ആശയമാണ് ഇന്നു കൂടുതൽ പ്രസക്തമായിരിക്കുന്നത്. രക്ഷയ്ക്കു വ്യക്തികത മാനത്തേക്കാളും സാമൂഹ്യ മാനത്തേക്കാളും ഉപരിയായി ഒരാഗോള മാനമുണ്ട് നാം മനസിലാക്കണം. ജനങ്ങളുടെ മനോഭാവം ഈക്കാര്യത്തിൽ പ്രാധാന്യമർഹിക്കുന്നു. പരിസ്ഥിതി സംരക്ഷണം ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗമാകുന്നതീലൂടെ  മാത്രമേ നമ്മുടെ മനോഭാവത്തിൽ മാറ്റമുണ്ടാകൂ. പ്രകൃതിയുടെ സന്തുലനാവസ്ഥയെ തകർക്കുന്നതെല്ലാം പാപമാണെന്ന് നാം വിശ്വസിക്കുന്നു.

ജലം, വായു, ഭക്ഷണമില്ലായെങ്കിൽ പിന്നെ ജീവൻ ഈ ഭൂമിയിലുണ്ടാവില്ല. ജലം, വായു, ഭക്ഷണം, നിഷേധിക്കുന്ന യാതൊരു വികസനപ്രവർത്തനങ്ങളെയും നമുക്ക് അംഗീകരിക്കാനാവില്ല. സിനഡും മഹായിടവക പരിസ്ഥിതി കമ്മിറ്റിയും കാലിക പ്രധാന്യമുള്ള പല വിഷയങ്ങളിലും വ്യക്തമായ നിലപാടുകൾ എടുത്തു വരികയാണ്. അത് ക്രൈസ്തവ വിശ്വാസത്തിന്റ ഭാഗമായുള്ള പ്രതികരണങ്ങളാണ്. കുടംകുളം ആണവ നിലയം മനുഷ്യസമൂഹത്തിന് ഭാവിയിൽ അപകടം വരുത്തിവെയ്ക്കുമെന്ന് നമ്മൾ വിശ്വസിക്കുന്നു. അതു കൊണ്ടാണ് അതിനെതിരെ സമരം ചെയ്യുന്നവർക്ക്  സിഎസ്സ് ഐ സഭ പിന്തുണ പ്രഖ്യാപിച്ചത്. നെൽവയലുകൾ നികത്തുന്നതിനെതിരെയും വനം നശിപ്പിക്കുന്നനെതിരെയും പരിസ്ഥിതി കമ്മിറ്റി ഓരോ സമയങ്ങളിൽ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ **പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കപ്പെടണം എന്ന് സഭ ആവശ്യപ്പെടുന്നു. അവിടെ താമസിക്കുന്ന കുടിയേറ്റ കർഷകരുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകണമെന്ന കാര്യത്തിൽ സഭ ശക്തമായ നിലപാടാണ് എടുത്തിരിക്കുന്നത്.** പ്രകൃതി വിഭവങ്ങളെ അനിയന്ത്രിതമായി ചൂഷണം ചെയ്തുണ്ടാകുന്ന വികസന പ്രവർത്തനങ്ങൾ സുസ്ഥിര വികസനമല്ലായന്ന് സഭ വിശ്വസിക്കുന്നു. അത് പശ്ചിമഘട്ടത്തിലാണെങ്കിലും, തീരപ്രദേശത്താണെങ്കിലും, സമതല പ്രദേശത്താണെങ്കിലും സഭയ്ക്ക് ഒരു നിലാപാടെയുള്ളു.

ഭൂമിയെന്നാൽ ആത്യന്തികമായി ആരുടെയും സ്വകാര്യ സ്വത്തല്ല. അതു കൊണ്ട് സ്വന്തം ഭൂമിയായാലും അതിൽ ആകാശം വരെ കെട്ടിയുർത്താനോ പാതാളം വരെ കുഴിച്ചു താഴ്ത്താനോ ആരും ആർക്കും അവകാശം നൽകിയിട്ടില്ല. **പ്രകൃതി വിഭവങ്ങൾ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നത് പാപമാണ്.  പശ്ചിമഘട്ടത്തിലും, സമതല പ്രദേശത്തിലും, തീരപ്രദേശത്തിലും, പരിസ്ഥിതി ആഘാതം വ്യക്തമായി പഠിച്ചതിന് ശേഷം മാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താവൂ എന്നതാണ് സിഎസ്സ് ഐ സഭയുടെ നിലപാട്. നിയന്ത്രണങ്ങൾ സമൂഹത്തിന്റെ നന്മയ്ക്കാണ്.** പരിഷകൃത രാജ്യങ്ങളിലെല്ലാം ഭൂഉപയോഗത്തിന് നിയന്ത്രണങ്ങളുണ്ട്. വികസിത രാജ്യങ്ങളിലെല്ലാം കൃഷി ഭൂമി കൈമാറുമ്പോൾ പ്രമാണത്തിൽ പ്രസ്തുത ഭൂമി കൃഷിക്കായി മാത്രമേ ഉപയോഗിക്കാവൂ എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള സാമൂഹ്യ നിയന്ത്രണം കൊണ്ടു വരേണ്ട സാഹചര്യമാണ്  ഇവിടെയുള്ളത്. ഇതിലേക്കുള്ള കാൽവെയ്പായിട്ടാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ ഞാൻ കാണുന്നത്. പ്രകൃതിയെ മുറിവേല്പിക്കാതെ കാത്തു സൂക്ഷിച്ചില്ലെങ്കിൽ പത്തു വർഷത്തിനുള്ളിൽ ഉത്തരാഘണ്ഡ് ഇവിടെ ആവർത്തിച്ചെന്നിരിക്കാം. ഇന്നുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനവും, കടൽ ക്ഷോഭവും, ന്യൂനമർദ്ദങ്ങളും, ഭൂചലനങ്ങളും, പുതിയ രോഗങ്ങളും എല്ലാം കണ്ടില്ലെന്ന് നടിക്കാനാവുമോ?.  **പ്രകൃതി നൽകുന്ന സൂചനകളെ ദൈവീക വെളിപ്പെടുത്തലുകളായി മനസ്സിലാക്കി പ്രവർത്തിച്ചില്ലായെങ്കിൽ ഭാവി തലമുറയ്ക്ക് നാം വലിയ ദുരന്തം സമ്മാനിച്ചിട്ടാകും നാം കടന്നു പോകുക.  സൃഷ്ടിച്ചതിന് ശേഷം, ദൈവം മനോഹരം എന്ന് കണ്ട ഈ ലോകം മനോഹരമായി കാത്തു പരിപാലിച്ച് അടുത്ത തലമുറയ്ക്ക് നൽകേണ്ടത് ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമാണ്.**